തിരുത്തുന്നതിനുള്ള നടപടി കൈക്കൊള്ളാൻ സാധിക്കുകയുള്ളു എന്നത് കൊണ്ട് ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ഗവൺമെന്റ് ഓഫീസുകളുടെ ആവശ്യത്തിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ

167 (661)ശ്രീ. കെ. അച്യുതൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് ഓഫീസുകളുടെ ആവശ്യത്തിനായി ഇതുവരെ എത്ര കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം വകുപ്പുകളുടെ ആവശ്യത്തിനാണ് വാങ്ങിയത്;

(സി) ഇവയിൽ എത്രയെണ്ണം നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്;

(ഡി) ഇതുവരെ വിവിധ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുവാൻ എന്തു തുക ചെലവായിട്ടുണ്ട്;

(ഇ) വാങ്ങിയ എത്ര കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്?

ഉത്തരം

(എ)&(ബി) ഐ.ടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മിഷൻ ഓൺ ഐ.ടി യുടെ ആവശ്യത്തിനായി 11 കമ്പ്യൂട്ടറുകൾ (9 നോഡ്, 1 സെർവർ, 1 തിങ്ക് പാഡ്) വാങ്ങിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകൾക്ക് (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)† 44 കമ്പ്യൂട്ടറുകൾ പൊതു ഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പു വഴി വാങ്ങിയിട്ടുണ്ട്. മറ്റു വകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) മേൽ വിവരിച്ച എല്ലാ കംപ്യൂട്ടറുകളും നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്.

(ഡി) ഐ.ടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മിഷൻ ഓൺ ഐ.ടി യിൽ കമ്പ്യൂട്ടറുകൾ വാങ്ങിച്ച വകയിൽ 11,89,450 രൂപയും, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയതിന് 53,85,550 രൂപയും ചെലവായി.

(ഇ) 'സി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ഉദ്യോഗസ്ഥ സംവരണ കാര്യത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്ന നിയമസഭാ പ്രമേയത്തിൻ മേൽ സ്വീകരിച്ച നടപടി

168 (667)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഉദ്യോഗസ്ഥ സംവരണ കാര്യത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭ പാസ്സാക്കിയ പ്രമേയത്തിലെ ആവശ്യം നടപ്പാക്കിക്കിട്ടുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

31.03.2000 ൽ നിയമസഭ പാസ്സാക്കിയ ഉപക്ഷേപം മേൽ നടപടിക്കായി ചീഫ് സെക്രട്ടറി നേരിട്ട് കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ ഉപക്ഷേപത്തിൻമേൽ ആവശ്യമായ ഭരണഘടന ഭേദഗതി കൈക്കൊള്ളണമെന്ന് മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രധാന മന്ത്രിയോട് 3-4-2000 ലെ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

സോഫ്റ്റ്വെയർ വ്യവസായം

169 (693)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഫ്റ്റ്വെയർ വ്യവസായവും ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങളും തുടങ്ങുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ രംഗത്ത് വിദേശ നിക്ഷേപകരെയും സംരംഭകരെയും കണ്ടെത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സോഫ്റ്റ്വെയർ വ്യവസായവും, ഐ.ടി അധിഷ്ഠിത വ്യവസായവും സംസ്ഥാനത്ത് അയൽസംസ്ഥാനമായ കർണ്ണാടകയിലെ പോലെ, ധൃതഗതിയിൽ വ്യാപിക്കപ്പെടാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരസാങ്കേതിക രംഗത്തെ വികസനത്തിനായി, ഐ.ടി അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ,ടി വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക തുടങ്ങിയ ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്ത പദ്ധതികൾ ആവിഷ്കരിച്ച്, ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ, സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്ന ഐ.ടി നയം വിഭാവനം ചെയ്യുന്നു. ശക്തമായ ഒരു ഐ.റ്റി അധിഷ്ഠിത വ്യവസായ മേഖല അടിത്തറ കെട്ടിപ്പടുക്കുന്നതിനായി ഒട്ടനവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് സോഫ്റ്റ്വെയർ, ഐ.ടി വ്യവസായങ്ങൾ തുടങ്ങുവാനായി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക് തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. ഏകജാലക ക്ലിയറൻസ് സംവിധാനം. 20 കോടി രൂപയോളം മുതൽ മുടക്കോടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് എന്നിവ നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് സോഫ്റ്റ്വെയർ വ്യവസായവും ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായവും തുടങ്ങാൻ താൽപ്പര്യമുള്ള സംരംഭകർക്ക് വേണ്ടുന്ന സഹായങ്ങൾ നൽകുവാൻ സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള എസ്.റ്റി.പി.ഐ. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. എറണാകുള

LIBRARY ARCHIVES Kerala Legislative Assembly